# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5387 | 31/10/2016 -ൽ മറുപടിക്ക്

## നിർദ്ധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെ കാൻസർ രജിസ്ട്രി പ്രകാരമുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 50,000 പുതിയ രോഗികൾ രജിസ്റ്റർ ചെയ്യപ്പെടുന്നതായും, ഇരുപതിനായിരം മരണങ്ങൾ സംഭവിക്കുന്നതായും ആർ.സി.സിയിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു. |
| ബി) | നിർദ്ധനരായ കാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുമോ? | ബി) | കാൻസർ ചികിത്സ ദൈർഘ്യമേറിയതും ഏറെ സാമ്പത്തിക ഭാരം ഉണ്ടാക്കുന്നതുമാണ്. നിർദ്ധനരായ രോഗികൾക്ക് ഈ ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ആർ.എസ്.ബി.വൈ/ ചിസ്സ് പ്ലസ്-ബി.പി.എൽ രോഗികൾക്ക് 70,000/- രൂപ വരെ ധനസഹായം<br>2. കാരുണ്യ ബനവലന്റ് ഫണ്ട് 2,00,000/- രൂപ വരെ ധനസഹായം<br>3. ആർ.ബി.എസ്.കെ/ ആരോഗ്യകിരണം - 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ.<br>4. സാമൂഹ്യ നീതി വകുപ്പിന്റെ താലോലം പദ്ധതി<br>5. എസ്.എം.എ.പി - ആരോഗ്യ വകുപ്പിൽ നിന്ന് 50,000/- വരെ ധനസഹായം<br>6. സുകൃതം - ബി.പി.എൽ രോഗികൾക്ക് സർക്കാർ അർബുദ ചികിത്സാലയങ്ങളിൽ സൗജന്യ ചികിത്സ<br>7. മലപ്പുറം ജില്ലയിൽ നിർദ്ധനരായ കാൻസർ രോഗികൾക്കായി ഹോമിയോ വകുപ്പിൻ കീഴിൽ ചേതന എന്ന പേരിൽ സൗജന്യ കിടത്തി ചികിത്സാ സൗകര്യത്തോടുകൂടി പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ |

| | | | |
|---|---|---|---|
| | | | 8. സർക്കാർ സഹായ പദ്ധതികളൊന്നും ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് മലബാർ ക്യാൻസർ സെന്ററിന്റെ പേഷ്യന്റ് വെൽഫയർ ഫണ്ടിൽ നിന്നും സൗജന്യ ചികിത്സ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ